## യൂണിറ്റ് 10: സ്കൂൾ പേരിലെ മാറ്റം

- സ്കൂൾവിക്കിയിൽ നമ്മുടെ വിദ്യാലയം കണ്ടെത്തി തുറക്കണം.
- സ്കൂളിന്റെ പേരിൽ അപാകതയുണ്ടോ എന്ന് പരിശോധിക്കണം.
- സ്കൂളിന്റെ സമ്പൂർണ്ണയിലെ പേര് അടിസ്ഥാനമാക്കിയാണ് സ്കൂൾവിക്കിയിൽ പേര് ചേർക്കുന്നത്.
- പലവിധ കാരണങ്ങളാൽ, സ്കൂൾവിക്കിയിൽ പേര് തെറ്റായി ചേർക്കപ്പെട്ടിട്ടുണ്ടാവാം.
- അക്ഷരത്തെറ്റുണ്ടാവാം.
- മാനേജ്മെന്റ് മാറിയതിനാൽ പേരിൽ വന്ന മാറ്റമുണ്ടാവാം
- സ്കൂൾ ഹയർസെക്കണ്ടറിയോ വൊക്കേഷണൽ ഹയർസെക്കണ്ടറിയോ ആയതുകൊണ്ട് പേര് മാറ്റം വന്നിരിക്കാം. അത്തരം മാറ്റങ്ങൾ സ്കൂൾവിക്കിയിൽ വന്നിട്ടുണ്ടാവണമെന്നില്ല.

## തലക്കെട്ട് (പേര്) തിരുത്താനാവുമോ?

പേരിൽ തെറ്റുണ്ടെങ്കിൽ തിരുത്താം. വളരെ അത്യാവശ്യമാണെങ്കിൽ മാത്രം തലക്കെട്ട് മാറ്റാം. തലക്കെട്ട് മാറ്റുമ്പോൾ സ്കൂൾകോഡ്, ഇംഗ്ലീഷ് പേര് എന്നിവയിൽ നിന്നുള്ള തിരിച്ചുവിടൽ കൂടി ക്രമപ്പെടുത്തണം. അങ്ങനെ ചെയ്യാത്തപക്ഷം സ്കൂളുകളെ തിരയുമ്പോൾ ലഭിക്കാതെവരും.
തലക്കെട്ട് മാറ്റം മൂലം മറ്റുതാളുകളിലേക്കും കുട്ടികളുടെ രചനകളിലേക്കും മറ്റുമുള്ള കണ്ണികൾ മുറിഞ്ഞുപോകും.

നല്ല വൈദഗ്ദ്യവും ധാരണയുമുള്ളവർ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാവൂ.

- തലക്കെട്ടുമാറ്റം വളരെ അത്യാവശ്യമെന്നുതോന്നുന്നപക്ഷം SchoolwikiHelpDesk നിങ്ങളെ സഹായിക്കുന്നതാണ്.
- **ആവശ്യമെങ്കിൽ** വിശദവിവരങ്ങൾ ഇവിടെയുള്ള ഗൂഗിൾഫോം കണ്ണിയിൽ ചേർക്കൂ. **സമ്പൂർണ്ണയിലെ പേര് എങ്ങനെയെന്ന് വ്യക്തമാക്കുന്നതിന്, സ്കൂളിന്റെ സമ്പൂർണ്ണപേരിന്റെ സ്ക്രീൻഷോട്ട് കൂടി എടുത്തുവെച്ചശേഷം ഗൂഗിൾഫോം പൂരിപ്പിക്കുക.**

### പ്രത്യേക ശ്രദ്ധയ്ക്ക്:

തലക്കെട്ട് മാറ്റുമ്പോൾ ഉപതാളുകളുടെ പേരു കൂടി മാറേണ്ടതാണ്. നൂറ് ഉപതാളുകൾ വരെ മാത്രമേ തനിയേ മാറുകയുള്ളൂ. ബാക്കിയുള്ളവ ഓരോന്നും കണ്ടെത്തി പേര് മാറ്റണം. ചില കണ്ണികൾ നഷ്ടപ്പെട്ടുപോകാം. നിവധി അക്ഷരവൃക്ഷം സൃഷ്ടികളും മറ്റും ഉണ്ടെങ്കിൽ ഇത്തരം ബുദ്ധിമുട്ട് വരാം. ഇക്കാരണത്താൽ, 100 ഉപതാളുകളിൽക്കൂടുതൽ ഉണ്ടെങ്കിൽ, പരിശോധനയ്ക്ക് ശേഷം വളരെ അത്യാവശ്യമെങ്കിൽ മാത്രമേ പേര് മാറ്റുകയുള്ളൂ.

---

## മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

**പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.**

**ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.**

**സാങ്കേതിക സഹായത്തിന് :** SchoolwikiHelpDesk **സന്ദർശിക്കുക**